"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - പത്തനംതിട്ട ജില്ല- ക്ഷേത്ര പ്രവേശന വിളംബര സ്മാരക ശ്രീചിത്തിരതിരുനാൾ സാംസ്കാരിക സമിതി - പുസ്തകമേളയ്ക്ക് ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.53/2025/LSGD തീയതി,തിരുവനന്തപുരം, 06-01-2025

---

പരാമർശം:- ക്ഷേത്ര പ്രവേശന വിളംബര സ്മാരക ശ്രീ ചിത്തിര തിരുനാൾ സാംസ്കാരിക സമിതി സമർപ്പിച്ച 11.10.2024 ലെ അപേക്ഷ.

**<u>ഉത്തരവ്</u>**

ക്ഷേത്ര പ്രവേശന വിളംബര സ്മാരക ശ്രീചിത്തിരതിരുനാൾ സാംസ്കാരിക സമിതി പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളിയിൽ 2025 ജനുവരി 08 മുതൽ നടത്തുന്ന പുസ്തകമേളയുടെ നടത്തിപ്പ് ചെലവിലേക്ക് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് അനുമതി അഭ്യർത്ഥിച്ച് ക്ഷേത്ര പ്രവേശന വിളംബര സ്മാരക ശ്രീ ചിത്തിരതിരുനാൾ സാംസ്കാരിക സമിതി സമർപ്പിച്ച അപേക്ഷ റാന്നി എം.എൽ.എ ശിപാർശ ചെയ്തു സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്ഷേത്ര പ്രവേശന വിളംബര സ്മാരക ശ്രീ ചിത്തിരതിരുനാൾ സാംസ്കാരിക സമിതി 2025 ജനുവരി 08 മുതൽ നടത്തുന്ന പുസ്തകമേളയുടെ നടത്തിപ്പിന് പത്തനംതിട്ട ജില്ലാപഞ്ചായത്തിൽ നിന്നും 20,000/- (ഇരുപതിനായിരം രൂപ മാത്രം) രൂപയും മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 15000/- (പതിനയ്യായിരം രൂപ മാത്രം) രൂപയും കോയിപ്രം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 10000/- (പതിനായിരം രൂപ മാത്രം) രൂപയും മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിൽ നിന്നും 7500/- (ഏഴായിരത്തിഅഞ്ഞൂറ് രൂപ മാത്രം) രൂപയും ജില്ലയിലെ മറ്റ് പഞ്ചായത്തുകളിൽ നിന്നും 5000/- (അയ്യായിരം രൂപ മാത്രം) രൂപ വീതവും അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും കമ്മിറ്റി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിന് അനുമതി നൽകി

ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെലീന.എ

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sindhumole K A

സെക്ഷൻ ഓഫീസർ

Date: 06-01-2025 13:48:30

പകർപ്പ്: ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.